## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2402** **13-09-2023 - ൽ മറുപടിയ്ക്ക്**

## യോഗയുടെ പ്രാധാന്യവും പ്രചാരവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യോഗയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും ഓരോ വ്യക്തിയിലേക്കും കുടുംബത്തിലേക്കും യോഗയുടെ പ്രാധാന്യം എത്തിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് യോഗയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും ഓരോ വ്യക്തിയിലേക്കും കുടുംബത്തിലേക്കും യോഗയുടെ പ്രാധാന്യം എത്തിക്കുന്നതിനും ഭാരതീയ ചികിത്സാ വകുപ്പ് 2015-16 മുതൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി യോഗ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പതിനാല്ല ജില്ലകളിലേയും തെരഞ്ഞെടുത്ത ആശുപത്രികളിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കോളേജിലെ സ്വസ്ഥവൃത്ത വകുപ്പിന്റെ നേതൃത്വത്തിൽ യോഗയുടെ പ്രാധാന്യവും പ്രചാരവും മറ്റുള്ളവരിലെത്തിക്കുന്നതിനായി ദിവസേന ഒ.പി.യിൽ വരുന്ന രോഗികൾക്ക് രോഗാനുസാരേണ യോഗ പരിശീലനം, കിടപ്പ് രോഗികൾക്ക് ദിവസേനയുള്ള യോഗ പരിശീലനം, കുട്ടികൾക്കായി അവധിക്കാല യോഗ പരിശീലന ക്യാമ്പുകൾ, പൊതുജനങ്ങൾക്കായി യോഗ പ്രചാരണ ക്ലാസ്സുകൾ, സ്കൂൾ തലത്തിൽ യോഗ ബോധവൽക്കരണ പരിപാടി, ശ്വാസ രോഗങ്ങളുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് പ്രാണ എന്ന യോഗ പരിശീലന പരിപാടി, യു.ജി.വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അന്താരാഷ്ട്ര യോഗാ ദിനത്തിന്റെ ഭാഗമായി ദേശീയ പ്രോട്ടോക്കോൾ അനുസരിച്ച് വിദ്യാർഥികൾക്കും അധ്യാപകർക്കും യോഗാ പരിശീലനം നൽകുന്നു. കൂടാതെ യോഗാ ക്വിസ് മത്സരം, യോഗാ പ്രാധാന്യത്തെ കുറിച്ച് ലൈവ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും അവതരിപ്പിച്ചിട്ടുണ്ട്. അമിതവണ്ണം കുറയ്ക്കുന്നതിനായി ആയുർവേദ യോഗാ പ്രകൃതി ചികിത്സകൾ എന്നിവ സംയോജിപ്പിച്ച് ഒരു ഗവേഷണ |

| | | | |
|---|---|---|---|
| | | | പ്രോജക്റ്റ് നടത്തിവരുന്നു. സർക്കാർ ആയുർവേദ കോളേജ് പഞ്ചകർമ്മ ആശുപത്രി പൂജപ്പുരയിൽ സ്വസ്ഥവൃത്ത വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും രാവിലെ 8 മണി മുതൽ 12 മണി വരെ യോഗാ പ്രാക്ടിസ് നടത്തുന്നുണ്ട്. 8 മണി മുതൽ 9 മണി വരെ വിദ്യർത്ഥികൾക്കും ശേഷം ഒരു മണിക്കൂർ പൊതുജനങ്ങൾക്കായി wellness yoga യും നൽകി വരുന്നു, 11 മണി മുതൽ രോഗികൾക്കായി Therapeutic yoga യും നൽകി വരുന്നു.<br><br>നാഷണൽ ആയുഷ് മിഷന്റെ കീഴിൽ സംസ്ഥാനത്ത് അനുവദിച്ച 600 ആയുഷ് ഹെൽത്ത് & വെൽനസ് സെന്ററുകളിൽ 520 ഇടത്ത് പൂർണ്ണ സമയ യോഗ ട്രെയിനറെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള 80 എണ്ണത്തിൽ നിയമന നടപടികൾ നടന്നുവരുന്നു. ജീവിതശൈലി രോഗ പ്രതിരോധത്തിനും ആരോഗ്യകരമായ ജീവിതശൈലിക്കും അനുയോജ്യമായ യോഗ പരിശീലനം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സൗജന്യമായി നൽകി വരുന്നുണ്ട്. ആയുഷ് ഗ്രാം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 16 ബ്ലോക്ക് പഞ്ചായത്തുകളിൽ യോഗ പരിശീലകരെ നിയമിച്ചിട്ടുണ്ട്. സ്കൂളുകളിലും സാമൂഹിക ഇടങ്ങളിലും യോഗയുടെ സന്ദേശം എത്തിക്കാൻ ആയുഷ് ഗ്രാം യോഗ പരിശീലകർ പരിപാടികൾ നടത്തി വരുന്നുണ്ട്. ഇത് കൂടാതെ 29 യോഗ വെൽനസ് സെന്ററുകളും ആയുഷ് മിഷൻ നടത്തി വരുന്നുണ്ട്. |
| (ബി) | ഇതിനായി പ്രത്യേക ആയുഷ് യോഗ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇത്തരം പ്രവർത്തനങ്ങളിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നും ആരോഗ്യ സംരക്ഷണത്തിന് യോഗ എത്രത്തോളം സഹായകമാണെന്നും വിശദീകരിക്കാമോ; | (ബി) | 2023 ലെ അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുമായി 1000 ആയുഷ് യോഗ ക്ലബുകളും 590 വനിത ആയുഷ് യോഗ ക്ലബുകളും രൂപീകരിച്ചിട്ടുണ്ട്.<br><br>ടി യോഗ ക്ലബുകളുടെ പ്രവർത്തനം വഴി ജീവിത ശൈലിയിലുള്ള മാറ്റങ്ങൾ മൂലമുണ്ടാകുന്ന രോഗങ്ങളെപ്പറ്റിയുള്ള അവബോധം നൽകുക, ജീവിത ശൈലി രോഗങ്ങൾ പ്രതിരോധിക്കുക, മാനസിക സമ്മർദ്ദം ലഘൂകരിക്കുക, മികച്ച ആരോഗ്യം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. സൗജന്യമായി യോഗ പരിശീലനം നൽകിക്കൊണ്ട് കേരളത്തെ സമ്പൂർണ്ണ യോഗ സംസ്ഥാനമാക്കി മാറ്റുന്നതിനും ജീവിത ശൈലിരോഗങ്ങളെ പ്രതിരോധിക്കുന്നതിനും രോഗ ശമനത്തിന് സഹായകമാകുന്ന യോഗ |

| | | | |
|---|---|---|---|
| | | | പരിശീലിപ്പിക്കുന്നതിനും യോഗ ക്ലബുകളുടെ പ്രവർത്തനം സഹായകമാണ്. നിലവിലുള്ള രോഗങ്ങളുടെ ശമനത്തിലും രോഗങ്ങൾ പ്രതിരോധിക്കുന്നതിനും യോഗ വളരെയേറെ സഹായകമാണ്. കേരളത്തിലെ ജീവിതശൈലി രോഗങ്ങളുടെ വ്യാപനം നല്ല തോതിൽ കുറയ്ക്കുന്നതിന് യോഗ പരിശീലനത്തിന് കാര്യമായ പങ്ക് വഹിക്കാൻ കഴിയും. |
| (സി) | ആയുഷ് വകുപ്പും യോഗ അസോസിയേഷൻ ഓഫ് കേരളയും ചേർന്ന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്നും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ? | (സി) | നാഷണൽ ആയുഷ് മിഷനുമായി ചേർന്ന് സംസ്ഥാനത്തൊട്ടാകെ യോഗ പ്രചരിപ്പിക്കുന്നതിനായി രൂപീകരിച്ച ആയുഷ് യോഗ ക്ലബുകൾ യോഗ അസോസിയേഷൻ ഓഫ് കേരളയുടെ പങ്കാളിത്തത്തോടു കൂടിയാണ് നടപ്പിലാക്കുന്നത്. ആയുഷ് യോഗ ക്ലബുകളുടെ തുടർ പ്രവർത്തനങ്ങൾക്ക് യോഗ അസോസിയേഷൻ ഓഫ് കേരളയുടെ സഹകരണം ലഭിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ